നം. റ്റി. ക്യു(1) 13836/2017

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം.
വികാസ് ഭവൻ. തിരുവനന്തപുരം.
തീയതി - 04.11.2017.

ഡയറക്ടർ.
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്.
തിരുവനന്തപുരം.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.

സർ.

വിഷയം - കൃഷി വകുപ്പ് - എൻഫോഴ്സ്മെന്റ് വിഭാഗം - ഗാർഹിക കീടനാശിനികളുടെ വില്പന നിയന്ത്രണം - സംസ്ഥാനമൊട്ടാകെ കാമ്പയിൻ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന - ഈ ഓഫീസിലെ 19.05.2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

മാരക കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ടു വരുന്ന നടപടികളുടെ തുടർച്ചയായി ഗാർഹിക കീട നിയന്ത്രണത്തിനുള്ള കീടനാശിനി ഉല്പന്നങ്ങളുടെ വിതരണത്തിലും വില്പനയിലും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഉപരി സൂചന പ്രകാരം എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

ഇതിന്റെ ഭാഗമായി കൃഷി വകുപ്പ് ഗുണനിയന്ത്രണ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലയിൽ, സംസ്ഥാനമൊട്ടാകെ, 2017 നവംബർ 13 മുതൽ 18 വരെ ഒരാഴ്ച നീണ്ടുനില്ക്കുന്ന [illegible] ചുമതലയിൽ, സംസ്ഥാനമൊട്ടാകെ, 2017 നവംബർ 13 മുതൽ 18 വരെ ഒരാഴ്ച നീണ്ടുനില്ക്കുന്ന കാമ്പയിൻ സംഘടിപ്പിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഗാർഹിക കീടനാശിനികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കും വില്പന വിതരണക്കാർക്കും ആവശ്യമായ അവബോധം സൃഷ്ടിക്കുകയെന്നതാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. കീടനാശിനി വിഭാഗത്തിൽപ്പെടുന്ന ഇത്തരം ഉല്പന്നങ്ങളുടെ വിതരണത്തിലും വില്പനയിലും പാലിക്കേണ്ട നിയമാനുസൃത വ്യവസ്ഥകൾ, ഇവയുടെ സുരക്ഷിത ഉപയോഗത്തിന്റെ പ്രാധാന്യം, ഇവ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തുടങ്ങിയവയെ സംബന്ധിച്ച പൊതു അവബോധം രൂപപ്പെടുത്തുവാൻ സഹായകമായ രീതിയിലായിരിക്കണം കാമ്പയിൻ സംഘടിപ്പിക്കേണ്ടത്.

ഇതിനായി താഴ പറയുന്നപൊതു നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. കാമ്പയിൻ കാലയളവിൽ എല്ലാ കൃഷി ഭവനുകളുടെയും ചുമതലയിൽ, അതതു പ്രദേശത്തെ എല്ലാ വിതരണ/റീട്ടെയിൽ ഷോപ്പുകളിലും സന്ദർശനം നടത്തുകയും ആവശ്യമായ അവബോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

2. ടി സന്ദർശന പരിപാടിയിൽ കൃഷി ഭവനിലെ എല്ലാ ജീവനക്കാരും പങ്കെടുക്കേണ്ടതാണ്.

3. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് യറക്ടറും ജില്ലാ തലത്തിൽ. കൃഷി ഡെപ്യൂട്ടി യറക്ടർ (ഈ & റ്റി) കാമ്പയിന് നേരിട്ട് നേതൃത്വം നല്കണം. പ്രിൻസിപ്പൽ കൃഷി ഓഫീസർ കാമ്പയിൻ കാലയലവിൽ ജില്ലയിലെ മുഴുവൻ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നതാണ്.

4. ആദ്യ ഘട്ടത്തിൽ, ഗാർഹിക കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുകയെന്നത് മാത്രമാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ. കാമ്പയിൻ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളേണ്ടതില്ല.

5. എന്നാൽ, ഗാർഹിക കീടനാശികൾ എന്ന പേരിൽ നിയന്ത്രിത കീടനാശിനികൾ അനധികൃതമായി സ്റ്റോക്ക് ചെയ്തിട്ടുള്ളതോ, വില്പന നടത്തുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ ചട്ടപ്രകാരമുള്ള കർശന നപടികൾ സ്വീകരിക്കേണ്ടതാണ്.

ഗാർഹിക കീടനാശിനി നിയന്ത്രണത്തിൽ, നേരത്തെ നല്കിയിട്ടുള്ളതും ചുവടെ ചേർത്തിരിക്കുന്നതുമായ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ. എല്ലാ വിതരണക്കാർക്കും വില്പനക്കാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

1. എല്ലാ ഗാർഹിക കീടനാശിനി വിതരണക്കാരും അവയുടെ വിതരണത്തിനായി മറ്റ് കീടനാശിനികളുടെ കാര്യത്തിലെന്നപോലെ സംസ്ഥാന ലൈസൻസിങ് ഓഫീസറിൽ നിന്നും ലൈസൻസ് നേടിയിരിക്കേണ്ടതാണ്.

2. ഇത്തരത്തിൽ ലൈസൻസ് നേടുന്ന വിതരണക്കാർ, തങ്ങളുടെ ലൈസൻസിന്റെ പകർപ്പ് എല്ലാ ചില്ലറ വില്പനക്കാർക്കും (റീട്ടെയിൽ ഷോപ്പുകൾ) നല്കേണ്ടതും ആയത് ചില്ലറ വില്പനക്കാർ തങ്ങളുടെ കടകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

3. എല്ലാ റീട്ടെയിൽ ഷോപ്പുകളും, തങ്ങളുടെ ഷോപ്പുകളിൽ വിതരണക്കാർ നല്കിയിട്ടുള്ള ലൈസൻസിന്റെ പകർപ്പ് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, ആയതിന്റെ ഒരു പകർപ്പ് അതാതു കൃഷി ഭവനിൽ സമർപ്പിക്കേണ്ടതുമാണ്.

4. ഗാർഹിക കീടനാശിനികൾ വിറ്റഴിക്കുന്ന റീട്ടെയിൽ ഷോപ്പുകൾ. ഇത്തരം കീടനാശിനികൾ വില്പനയ്ക്കായി മറ്റ് ഉപഭോഗ - ഭക്ഷ്യ വസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ഗാർഹിക കീടനാശിനകൾക്ക് മാത്രമായി സുരക്ഷിതമായ പ്രത്യേക റാക്ക് അഥവാ മറ്റു സംവിധാനങ്ങൾ എല്ലാ റീട്ടെയിൽ ഷോപ്പുകളും ഉറപ്പ് വരുത്തേണ്ടതാണ്.

5. എല്ലാ ഗാർഹിക കീടനാശിനി വിതരണക്കാരും എല്ലാ വർഷവും ലൈസൻസ് പുതുക്കുന്നതിനോടൊപ്പം തങ്ങളുടെ കീടനാശിനികൾ വിതരണം ചെയ്യുന്ന റീട്ടെയിൽ ഷോപ്പുകളുടെ ലിസ്റ്റ് ജില്ലയിലെ ലൈസൻസിങ് ഓഫീസർ മുഖേന, സംസ്ഥാന ലൈസൻസിങ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
6. യാതൊരു കാരണവശാലും ഇത്തരം വില്പന ശാലകളിലൂടെ നിയന്ത്രിത കീടനാശിനികളുടെ വില്പന അനുവദനീയമല്ല.

ഈ കാമ്പയിൻ സംബന്ധിച്ച് വിവധ മാധ്യമങ്ങളിലൂടെ എല്ലാ ജില്ലകളിലും തുടർ പ്രചാരണം ഉറപ്പാക്കേണ്ടതാണ്. ഇത്തരം പ്രചാര പ്രവർത്തനങ്ങൾ വിശദവിവരങ്ങൾ അടക്കം കാമ്പയിൻ നടത്തിപ്പിന്റെ ഒരു റിപ്പോർട്ട്, എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും, 25.11.2017 ന മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർ

**<u>പകർപ്പ്:- അറിവിലേയ്ക്കായി</u>**

1. കൃഷിഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്.
2. എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർ.
3. ഐ.റ്റി.സെൽ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

JOINT DIRECTOR OF AGRICULTURE (PP),
DIRECTORATE OF AGRICULTURE
VIKAS BHAVAN, TRIVANDRUM.